# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിലമേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P3/2081/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 22/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിലമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P3/2081/2022 തീയ്യതി: 22/03/2023

## കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2021 മുതൽ 11-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 12-10-2022 | 20-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2022 | 20-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ് കുമാർ പി (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)
ശ്രീ.അരുൺകുമാർ എ (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.രാജൻ വി ഡി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.ശ്രീകുമാർ എസ് (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. വിനീത വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.പ്രഭാകരൻപിള്ള ജി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രവീൺ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.രാജലക്ഷ്മി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.നജ്മുദ്ദീൻ സി എം | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.സജീവ് പി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.നസീം എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മനോജ് | വെറ്റിനറി സർജൻ | 01-04-2021 | 21-12-2021 |
| ഡോ.സിമി റബേക്ക | വെറ്റിനറി സർജൻ | 22-12-2021 | 31-03-2022 |
| ഡോ.ലക്ഷ്മി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ശശി കെ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി.അഞ്ജന കമലൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 05-12-2021 |
| ശ്രീമതി.വിജിചന്ദ്രൻ നായർ | ഐ സി ഡി എസ് സൂപ്പർവൈസർ | 06-12-2021 | 13-02-2022 |
| ശ്രീമതി.സുലൈജ എസ് ബീഗം | ഐ സി ഡി എസ് സൂപ്പർവൈസർ | 14-02-2022 | 31-03-2022 |
| ശ്രീമതി.രാജിഷ യു ആർ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.അജീഷ് കുമാർ ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷികധനകാര്യപത്രിക | 1-2 |
| 3 | വാര്‍ഷിക ധനകാര്യപത്രിക-അപാകതകള്‍ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികള്‍ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടില്‍ നിന്നും ബാങ്ക് തെറ്റായി തുക പിന്‍വലിച്ചു | 1-11 |
| 13 | റേഷന്‍ കടകളിലെ ജീവനക്കാരില്‍ നിന്നും തൊഴില്‍നികുതി ഈടാക്കുന്നില്ല | 1-12 |
| 14 | ലൈസന്‍സ് | 1-13 |
| 15 | ആസ്തി രജിസ്റ്റര്‍ പരിപാലനം | 1-14 |
| 16 | പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും അപാകത-ഭാഗികമായി നടപ്പില്‍വരുത്തിയതുമൂലം കുടിവെള്ള പദ്ധതികള്‍ ഫലപ്രദമാകാതെ ശേഷിക്കുന്നു. | 1-15 |
| 17 | പൂര്‍ത്തീകരണം ലക്ഷ്യമാക്കാതെയുള്ള പദ്ധതി ആസൂത്രണം.486822/-രൂപ ഓഡിറ്റില്‍ തടസ്സംചെയ്യുന്നു. | 1-15-1 |
| 18 | വൈദ്യുതീകരണ പ്രവൃത്തികള്‍ ഒഴിവാക്കി എസ്റ്റിമേറ്റ് പരിഷ്കരിച്ച് പ്രവൃത്തിയുടെ ഫൈനല്‍ബില്‍ നല്‍കിയതുമൂലം കുടിവെള്ള പദ്ധതികള്‍ ഫലംകണ്ടില്ല: 1330677/-രൂപയുടെ ചെലവ് ഓഡിറ്റില്‍ തടസ്സപ്പെടുത്തുന്നു. | 1-15-2 |
| 19 | MGNREGS -മെറ്റീരിയല്‍ പ്രവൃത്തികളില്‍ ജി.എസ്.റ്റി. റ്റി.ഡി.എസ് ആയി കുറവ് ചെയ്ത തുക ജി.എസ്.റ്റി.വകുപ്പില്‍ ഒടുക്ക വരുത്തേണ്ടതാണ്. | 1-16 |
| 20 | 'ലൈഫ് ഭവനനിര്‍മ്മാണം' | 1-17 |
| 21 | വാസയോഗ്യമല്ലാത്ത വീടുകള്‍ വാസയോഗ്യമാക്കല്‍ -പദ്ധതി പൂര്‍ണ്ണമായില്ല -ചെലവ് തുക തടസ്സത്തില്‍ വയ്ക്കുന്നു | 1-18 |
| 22 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, 339625- രൂപ | 1-19 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 23 | പാലിയേറ്റീവ് കെയർ പദ്ധതി -KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-20 |
| 24 | തെരുവുവിളക്കുകളുടെ പരിപാലനം - പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-21 |
| 25 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല | 1-22 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

15-03-2021 തീയതിയിലെ 3(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 30-03-2022 തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2022 | 20.8.2022 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രിക-അപാകതകൾ

1) ഷെഡ്യൂൾ 11(a) ഡിപ്രീസിയേഷൻ - ഈ സാമ്പത്തിക വർഷത്തെ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടില്ല. മുൻ വർഷത്തെ നിക്കിയിരിപ്പാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2) ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ (കോഡ് നമ്പർ - 450210201) ബാങ്ക് ബുക്ക് പ്രകാരം 86,724/-രൂപ ബാലൻസ് നിലവിലുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ നിക്കിയിരിപ്പില്ല.

3) ജീവനക്കാരുടെ തൊഴിൽ നികുതി ഷെഡ്യൂൾ RP-1, ഷെഡ്യൂൾ-i-1 എന്നിവ പെരുത്തപ്പെടുന്നില്ല.

4) ഷെഡ്യൂൾ RP-45:- തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക എന്നീ ഇനങ്ങളിലെ വരവ് തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തുന്നില്ല.

5) വാർഷിക ധനകാര്യപത്രികയിൽ സ്ലോട്ടർ ഹൗസ്(കോഡ് നമ്പർ 431400109) വരവ് എന്ന ഹെഡിൽ ഉൾപ്പെടുത്തിയ തുക ബന്ധപ്പെട്ട രജിസ്റ്ററിൽ വരവിനത്തിൽ ഉൾപ്പെടുത്തിയ തുകയുമായി പൊരുത്തപ്പെടുത്തുന്നില്ല.

6) ഷെഡ്യൂൾ B-18:- Advance To Implementing Agencies- Deposit With KSEB, Deposit With Ground Water Department, എന്നീ ഇനങ്ങളിൽ യഥാക്രമം ₹5,87,930/-, ₹5,78,828/- വീതം ബാലൻസ് ഉണ്ട്. ഈ തുകകൾ മുൻ വർഷത്തെ നീക്കിയിരിപ്പാണ്. ഈ വർഷം നിക്ഷേപപ്രവൃത്തിയായി കെ.എസ്.ഇ.ബി.ക്ക് നൽകിയ 2,97,360/- രൂപ ഉൾപ്പെടുത്തിയിട്ടില്ല.

7) വികസനഫണ്ട്, എസ്.സി.പി, മെയിന്റനൻസ് ഫണ്ട് റോഡ്, നോൺ റോഡ് ഇനങ്ങളിൽ 31-03-2022ന് 2617-ാം നമ്പർ ഉത്തരവ് പ്രകാരം ലഭിച്ച തുകകൾ ACRലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും വരവായി ഉൾപ്പെടുത്തിയിട്ടില്ല.

8) സ്റ്റേറ്റ് ഷെയർ ആയി വന്നിരിക്കുന്ന തുക ലോൺ ഹെഡിലാണ് ചേർത്തിരിക്കുന്നത്. RP-30യിൽ ആണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. B5-ൽ 330200101 എന്ന ഹെഡിൽ ബാലൻസ് തുക ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

9) MGNREGS ലെ ചെലവ് തുകയിൽ 62,810/- രൂപ ACR സുലേഖയും തമ്മിൽ വ്യത്യാസം.

അപാകതകൾക്കുമേൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,97,33,578/-രൂപ |
| വരവ് | 6,71,36,434/-രൂപ |
| ആകെ | 8,68,70,012/-രൂപ |
| ചെലവ് | 6,58,28,811/-രൂപ |
| നീക്കിയിരിപ്പ് | 6,58,16,159/-രൂപ |

| | |
|---|---|
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം | - |
| തടസ്സപ്പെടുത്തിയ തുക | 24,35,625/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്പ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | | 11034802 | 11034802 | 11001930 | 32872 | |
| വികസനഫണ്ട് (എസ്.സി.പി) | | 4502237 | 4502237 | 4451051 | 51186 | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied – Basic) | ThroughTreasury | 174477 | 174477 | 173446 | 1031 | |
| | Through Bank | 3622818 | 3622818 | 1354453 | | 2268365 |
| ധനകാര്യ കമ്മിഷൻഗ്രാന്റ്(tied) | ThroughTreasury | 2504175 | 2504175 | 1878352 | 625823 | |
| | Through Bank | 1536500 | 1536500 | 674644 | | 861856 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | | 15200664 | 15200664 | 14375292 | 731432 | |
| മെയിന്റനൻസ് ഫണ്ട്(നോണ്യ റോഡ്) | | 5202519 | 5202519 | 3166179 | 2036340 | |
| | | | | | | |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
| സാക്ഷരത | 1061 | ० | 1061 | ० | 1061 |
| ലൈഫ് ധനസഹായം | 2400000 | 4800000 | 7200000 | 1350000 | 5850000 |
| ശുചിത്വമിഷൻ ഗ്രാന്റ് | 930699 | 142000 | 1072699 | 142000 | 930699 |
| നിർമ്മൽ പുരസ്കാരം | 500000 | 0 | 500000 | 0 | 500000 |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 1182014 | 731170 | 1913184 | 1728946 | 184238 |
| MNREGS ഭരണചെലവുകൾ | 8745 | 1085154 | 1093899 | 1035060 | 58839 |
| സാനിട്ടേഷൻ | 2322807 | 0 | 2322807 | 210000 | 2112807 |

വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടാതിരിക്കുന്ന വിവരം അക്കൗണ്ട്സിലെ അപാകതകളിൽ (ഖണ്ഡിക-1-2-1) ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 96091567 | 139 | 49174993 | | 46 | 75.1% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8745 | 1085154 | 1093899 | 1035060 | 58839 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 32897140 | 32897140 | 32897140 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| തൊഴിൽരഹിത വേതനം | 222840 |
| കർഷകതൊഴിലാളി പെൻഷൻ | 1874800 |
| വിധവാപെൻഷൻ | 14426500 |
| വാർദ്ധക്യകാലപെൻഷൻ | 23623700 |
| വികലാംഗപെൻഷൻ | 3892800 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 64000 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-10-2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ 30.08.2021 വരെ സാംഖ്യ രസീത് നൽകി സ്വീകരിച്ചു. തുടർന്ന് ILGMS മുഖേന വരവുകൾ സ്വീകരിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട് .

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യത പരിശോധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൃത്യതയുള്ളതും കാലികവുമാക്കി സൂക്ഷിക്കേണ്ടതാണ്.

റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന അപര്യാപ്തതയും നിലനിൽക്കുന്നു. 01.09.2021 മുതൽ പഞ്ചായത്തിൽ ILGMS പ്രാവർത്തികമാക്കിയതിനാൽ ഫ്രണ്ട് ഓഫീസ് ഡയറി അപ്രസക്തമാകുന്നു. എന്നാൽ അതുവരെയുള്ള കാലയളവിൽ ഡയറി എഴുതിസൂക്ഷിച്ചിട്ടുള്ളതിൽ അപാകത കാണുന്നു. അപേക്ഷകൾ തപാൽ നംമ്പർ സഹിതം ഡയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അപേക്ഷകൾക്കുമേൽ സ്വീകരിച്ച തുടർനടപടികളുടേയോ, നൽകിയ സേവനത്തിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും മേൽനോട്ടക്കുറവുണ്ടായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി തരിശുനിലം കൃഷിയോഗ്യമാക്കൽ എന്ന പദ്ധതിക്കുശേഷം കൃഷിയിടങ്ങളിൽ നടന്ന തുടർപ്രവർത്തനങ്ങളെപ്പറ്റി വ്യക്തതയില്ലാത്ത അവസ്ഥ നിലനിൽക്കുന്നു. ഇത് പഞ്ചായത്തിന്റെ വിവിധ പദ്ധതിനിർവ്വഹണാധികാരികളുടെ പദ്ധതിനിർവ്വഹണ

പ്രവർത്തനങ്ങളുടെ ഏകോപനത്തിലെ അപാകതയായി വിലയിരുത്തുന്നു.
അപാകതകളിലേക്ക് പഞ്ചായത്തുഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.08.2022-05.08.2022 | 2022-23(april-may) | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.10.2018-09.11.2018 | 2017-18 | 06.12.2018 |

1-11 ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിൽ നിന്നും ബാങ്ക് തെറ്റായി തുക പിൻവലിച്ചു

നിലമേൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കരുടെ ഉത്സവബത്ത, ബോണസ് ഇനത്തിൽ 176340/- രൂപ വിതരണം ചെയ്യുന്നതിനായി കാനറ ബാങ്കിന്റെ നിലമേൽ ശാഖയിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 5515101001813-ാം നമ്പർ അക്കൌണ്ടിൽ 03/09/2022 തീയതിയിലെ 758919 നമ്പർ ചെക്ക് 05/09/2022-ൽ കാനറ ബാങ്കിൽ നൽകിയിരുന്നു. എന്നാൽ ജീവനക്കാരുടെ ജൂൺ മാസത്തെ ശമ്പളം നൽകുന്നതിനായി ഈ ഓഫീസിൽ നിന്നും ബാങ്കിൽ നൽകിയ 320560-ാം നമ്പർ ചെക്കിലെ തുകയായ 705892/- നിന്നും ജീവനക്കരുടേയും ജനപ്രതിനിധികളുടേയും അക്കൌണ്ടിലേക്ക് ബാങ്ക് തെറ്റായി വിതരണം ചെയ്യുകയാണുണ്ടായത്. ഈ വിഷയം പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടയുടൻ ബാങ്ക് അധികൃതരെ വിവരം അറിയിക്കുകയും ബാങ്കിന് പറ്റിയ പിശകുമൂലം ഉണ്ടായതാണെന്ന് കത്തിലൂടെ ബാങ്കറിയിക്കുകയും തുക ലഭിച്ച ഭൂരിപക്ഷം ജീവനക്കരും ജനപ്രതിനിധികളും തുക തിരികെ അക്കൌണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. തുക മടക്കി നൽകാൻ അവശേഷിക്കുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | മടക്കി നൽകാനുള്ള തുക (രൂപ) |
|---|---|---|
| 1 | ജയകുമാർ. ജി | 8041/- |
| 2 | റീന. പി | 25078/- |
| 3 | ഷെമീർ. എച്ച്. എസ് | 10000/- |
| | | 43119/- |

തുക മടക്കി നൽകാൻ അവശേഷിക്കുന്ന ജീവനക്കരിൽ നിന്നും തുക അടിയന്തിരമായി ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ - 7/17.10.2022

1-12 റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി,

സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 ലൈസൻസ്

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് സംബന്ധമായ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലായില്ല

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൾ) ഭേദഗതി ചട്ടങ്ങളിലെ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിന് വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുകയും പട്ടിക 2-ലെ ലൈസൻസ് ഫീസ് തുകകളിൽ മാറ്റം വരുത്തുകയും ചെയ്തു. എന്നാൽ 2021-22 വർഷത്തെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസിനായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിലും മൂലധനം നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളെ മൈക്രോ,മിനി, മീഡിയം, ലാർജ് എന്നിങ്ങനെ തരംതിരിക്കുകയും ഉൽപ്പാദനം,സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമയി ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

2) റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 1-ലെ ക്രമ നം-149 പ്രകാരം റീട്ടയിൽ റേഷൻഡിപ്പോകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. എല്ലാ റേഷൻകടകളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

## 1-14 ആസ്തി രജിസ്റ്റർ പരിപാലനം

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അകൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010 ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.

സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി.) 1699/17/തസ്വഭവ. തീ 24.05.2017 ൽ ഇതുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ ചുമതല വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ

രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-15 പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും അപാകത-ഭാഗികമായി നടപ്പിൽവരുത്തിയതുമൂലം കുടിവെള്ള പദ്ധതികൾ ഫലപ്രദമാകാതെ ശേഷിക്കുന്നു.

നിലമേൽ ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷത്തിൽ അസി. എഞ്ചിനീയറുടെ നിർവ്വഹണാധികാരത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ കുടിവെള്ള പദ്ധതികൾ, ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ മൂലം ഫലപ്രാപ്തി കൈവരിക്കാതെ ശേഷിക്കുന്നതായും, പദ്ധതികളുടെ ഫലപ്രാപ്തി അനശ്ചിതത്ത്വത്തിലായതായും ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നിരീക്ഷിക്കുന്നു. വിശദാംശങ്ങൾ ഉപ ഖണ്ഡികകളായി ചേർക്കുന്നു.
ആസൂത്രണപിഴവുമൂലം പദ്ധതികൾ കമ്മീഷൻചെയ്യാനുണ്ടായ കാലതാമസം കാരണം സ്ഥാപിക്കപ്പെട്ടിട്ടുള്ള വൈദ്യുത പമ്പുകൾ അടക്കമുള്ള ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലാതെവരുന്ന സാഹചര്യമുണ്ടായാൽ, അതുമൂലമുണ്ടാകുന്ന അധിക ചെലവ് പദ്ധതി നിർവ്വഹണാധികാരിയുടെ ബാദ്ധ്യതയായി നിശ്ചയിക്കേണ്ടതാണ്.

1-15-1 പൂർത്തീകരണം ലക്ഷ്യമാക്കാതെയുള്ള പദ്ധതി ആസൂത്രണം.486822/-രൂപ ഓഡിറ്റിൽ തടസ്സംചെയ്യുന്നു.

1. പ്രോജക്റ്റ് നം. 121/22 (ബംഗ്ലാം കുന്ന് കുടിവെള്ള പദ്ധതി).
അടങ്കൽ തുക: 200000/- രൂപ (സെൻട്രൽ ഫിനാൻസ് കമ്മീഷൻ അവാർഡ്)
ചെലവ്: 176187/-രൂപ. (ബിൽ നം. 282/31.3.22)
കരാറുകാരൻ: ശ്രീ. എ. നൗഷാദ്.
കരാർ നം. 60/AE/LSGD/NML/21-22 Dtd.2-3-22
എം ബുക്ക് നം. 68/21-22

2. പ്രോജക്റ്റ് നം. 122/22 (കുരിയോട് കുടിവെള്ള പദ്ധതി).
അടങ്കൽ തുക: 200000/- രൂപ (സെൻട്രൽ ഫിനാൻസ് കമ്മീഷൻ അവാർഡ്)
ചെലവ്: 141225/-രൂപ. (ബിൽ നം.278/31.3.22)
കരാറുകാരൻ: ശ്രീ. എ. നൗഷാദ്.
കരാർ നം. 61/AE/LSGD/NML/21-22 Dtd.2-3-22
എം ബുക്ക് നം. 71/21-22

3. 123/22 (എലിക്കുന്നാംമുകൾ കുടിവെള്ള പദ്ധതി).
അടങ്കൽ തുക: 200000/- രൂപ (സെൻട്രൽ ഫിനാൻസ് കമ്മീഷൻ അവാർഡ്)
ചെലവ്: 169410/-രൂപ. (ബിൽ നം.281/31.3.22)
കരാറുകാരൻ: ശ്രീ. എ. നൗഷാദ്.
കരാർ നം. 62/AE/LSGD/NML/21-22 Dtd.2-3-22
എം ബുക്ക് നം. 72/21-22
മേൽ പദ്ധതികളിൽ കുഴൽകിണറുകൾ നിർമ്മിച്ച്, വൈദ്യുത പമ്പുകൾ സ്ഥാപിക്കുന്നതിനും, വൈദ്യുതീകരണത്തിനുമാണ് തുക വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പ്രവൃത്തികളിൽ കരാറുകാരൻ വൈദ്യുതീകരണ പ്രവൃത്തികൾ നിർവഹിച്ചിട്ടില്ല എന്നതിനാൽ ഭാഗിക ബിൽ തുകകൾ

മാത്രമാണ് നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിക്കേണ്ടിയിരുന്ന പ്രവൃത്തികളിൽ വൈദ്യുതീകരണം ഒഴിവാക്കിയതായി കാണുന്നു.

പദ്ധതി പ്രവർത്തനങ്ങൾ സംബന്ധമായ ഫയലുകൾ പരിശോധിച്ചതിൽ, പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും ചുവടെ ചേർക്കുന്ന മറ്റ് അപാകതകളും ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. പദ്ധതികളുടെ അംഗീകൃത എസ്റ്റിമേറ്റിൽ വാട്ടർടാങ്ക് സ്ഥാപിക്കുന്ന പ്രവൃത്തി ഇനം ഉൾക്കൊള്ളിച്ചിരുന്നില്ല. വാട്ടർടാങ്ക് മറ്റേതെങ്കിലും വിധത്തിൽ സ്ഥാപിച്ചതായും രേഖയില്ല.

2. കുഴൽകിണറുകൾ നിർമിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധമായ രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. വൈദ്യുത പമ്പുകൾ ഉൾപ്പെടെ കിണറുകളിൽ സ്ഥാപിച്ചു എങ്കിലും, കരാർ വയ്ക്കപ്പെട്ട എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന വൈദ്യുതീകരണ പ്രവർത്തനങ്ങൾ കൂടി പൂർത്തീകരിക്കാതെ ഭാഗിക ബിൽ തുക നൽകാൻ ഉണ്ടായ സാഹചര്യം ഫയലിൽ വ്യക്തമല്ല.

4. ISI മുദ്രയോടുകൂടിയ 1.5 HP/2 HP പമ്പുകൾ കുഴൽകിണറുകളിൽ സ്ഥാപിച്ചതിന്റെ നിരക്കുകളാണ് കരാറുകാരന് അനുവദിച്ചുനൽകിയിരിക്കുന്നത്. എന്നാൽ ഇവയുടെ ബ്രോഷറുകൾ, വാറന്റി സംബന്ധമായ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാറന്റി സംബന്ധമായി കരാറിൽ നിബന്ധന വച്ചിട്ടുമില്ല.

കൂടാതെ മേൽ പരാമർശ കുടിവെള്ള പദ്ധതികളുടെ ഫയലുകളിലൊന്നിലുംതന്നെ പദ്ധതികളുടെ തുടർ പരിപാലനം, ആവർത്തന ചെലവുകൾ എന്നിവ സംബന്ധമായ വിവരങ്ങൾ, പദ്ധതി ഗുണഭോക്താക്കൾ ആരെന്നോ, എത്ര കുടുംബങ്ങളെന്നോ ഉള്ള വിവരങ്ങൾ എന്നിവ ഉൾപ്പെടുന്നില്ല.

അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/17.10.22) മറുപടിയായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 22-23 വാർഷിക പദ്ധതിയിൽ പ്രോജക്റ്റ് വയ്ക്കുകയും, ടെണ്ടർ നടപടികൾ നടന്നുവരുന്നതായി അറിയിച്ചു.

കുഴൽ കിണറുകളെല്ലാംതന്നെ പഞ്ചായത്ത് വസ്തുവിലോ, റോഡ് ഷോൾഡറുകളിലോ ആണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് മറുപടിയിൽ പരാമർശിക്കുന്നുവെങ്കിലും ആയത് വ്യക്തമാക്കുന്ന രേഖകളൊന്നുംതന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കരാർ വയ്ക്കപ്പെട്ട എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന വൈദ്യുതീകരണ പ്രവർത്തനങ്ങൾ കൂടി പൂർത്തീകരിക്കാതെ ഭാഗിക ബിൽ തുക നൽകാൻ ഉണ്ടായ സാഹചര്യം മറുപടിയിൽ വിശദീകരിക്കപ്പെട്ടിട്ടില്ല.

മേൽ ക്രമനമ്പർ 4-ൽ പരാമർശിക്കുന്ന രേഖകൾ കരാറുകാരനിൽനിന്നും വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണ് എന്നും അസി.എഞ്ചിനീയർ വിശദീകരിക്കുന്നു.

മേൽ സാഹചര്യത്തിൽ 3 പദ്ധതികൾക്കുമായി ചെലവഴിച്ച ആകെ തുക 486822/- രൂപ ഓഡിറ്റിൽ തടസ്സംചെയ്യുന്നു. പദ്ധതികൾ ഫലപ്രദമാക്കുന്ന വിധത്തിൽ പൂർത്തീകരിച്ച്, ആയതിന്റെ വിശദാംശങ്ങൾ ആവശ്യമായ രേഖകൾസഹിതം ഓഡിറ്റിനു ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

### 1-15-2 വൈദ്യുതീകരണ പ്രവൃത്തികൾ ഒഴിവാക്കി എസ്റ്റിമേറ്റ് പരിഷ്കരിച്ച് പ്രവൃത്തിയുടെ ഫൈനൽബിൽ നൽകിയതുമൂലം കുടിവെള്ള പദ്ധതികൾ ഫലംകണ്ടില്ല: 1330677/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചുവടെ പരാമർശിക്കുന്ന പ്രവൃത്തികളിൽ, കിണറുകളിൽ വൈദ്യുത പമ്പുകൾ, ആവശ്യമായ വാട്ടർ ടാങ്ക് എന്നിവ ഉൾപ്പടെ സ്ഥാപിച്ചിട്ടുകൂടി, വൈദ്യുതീകരണ പ്രവൃത്തികൾ ഒഴിവാക്കി എസ്റ്റിമേറ്റ് പരിഷ്കരിച്ച് പ്രവൃത്തിയുടെ ഫൈനൽബിൽ നൽകിയിരിക്കുന്നു.

1. പ്രോജക്റ്റ് നമ്പർ S0163/22, ആലയിൽ പൊത്തപ്പള്ളി കുടിവെള്ള പദ്ധതി. (1.5HP Motor Pump@20907/-).

അടങ്കൽ തുക: 250000/- രൂപ (സെൻട്രൽ ഫിനാൻസ് കമ്മീഷൻ അവാർഡ് )

ചെലവ്: 242851/-രൂപ (ബിൽ നം. 85/31.3.21:51773/-; ബിൽ നം.260/29.3.22:191078/-)

കരാറുകാരൻ: ശ്രീ. വി. ഗോപകുമാർ.

കരാർ നം. 30/AE/LSGD/NML/20-21 Dtd.7-9-20

എം ബുക്ക് നം. 59/20-21

പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റിൽ വൈദ്യുതീകരണ പ്രവൃത്തികൾക്കായി 4190/- രൂപ വകയിരുത്തിയിരുന്നു.

2. പ്രോജക്റ്റ് നമ്പർ SO165/22, മുണ്ടൻകുന്ന് SC കോളനി കുടിവെള്ള പദ്ധതി. (3HP Motor Pump@27446.59/-).

അടങ്കൽ തുക: 250000/- രൂപ (സെൻട്രൽ ഫിനാൻസ് കമ്മീഷൻ അവാർഡ് )

ചെലവ്: 246780/-രൂപ. (ബിൽ നം.264/30.3.22)

കരാറുകാരൻ: ശ്രീ. എസ്. ജയദ്രജൻ

കരാർ നം. 35/AE/LSGD/NML/20-21 Dtd.7-9-20

എം ബുക്ക് നം. 63/21-22

പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റിൽ വൈദ്യുതീകരണ പ്രവൃത്തികൾക്കായി 5450/- രൂപ വകയിരുത്തിയിരുന്നു.

3. പ്രോജക്റ്റ് നമ്പർ SO167/22, കുണ്ടാംകുഴി കുടിവെള്ള പദ്ധതി. (1.5HP Motor Pump@20907/-).

അടങ്കൽ തുക: 307500/- രൂപ (സെൻട്രൽ ഫിനാൻസ് കമ്മീഷൻ അവാർഡ് )

ചെലവ്: 300000/-രൂപ (ബിൽ നം. 86/31.3.21:48569/-; ബിൽ നം. 261/29.3.22:251431/-)

കരാറുകാരൻ: ശ്രീ. വി. ഗോപകുമാർ

കരാർ നം. 32/AE/LSGD/NML/20-21 Dtd.7-9-20

എം ബുക്ക് നം. 61/21-22

പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റിൽ വൈദ്യുതീകരണ പ്രവൃത്തികൾക്കായി 9150/- രൂപ വകയിരുത്തിയിരുന്നു.

4. പ്രോജക്റ്റ് നമ്പർ SO166/22, കണ്ണങ്കോട് കുടിവെള്ള പദ്ധതി (1.5HP Motor Pump@20907/-).

അടങ്കൽ തുക: 307500/- രൂപ (സെൻട്രൽ ഫിനാൻസ് കമ്മീഷൻ അവാർഡ് )

ചെലവ്: 293779/-രൂപ (ബിൽ നം. 84/31.3.21:56280/-; ബിൽ നം. 259/29.3.22:237499/-)

കരാറുകാരൻ: ശ്രീ. വി. ഗോപകുമാർ

കരാർ നം. 31/AE/LSGD/NML/20-21 Dtd.7-9-20

എം ബുക്ക് നം. 60/21-22

പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റിൽ വൈദ്യുതീകരണ പ്രവൃത്തികൾക്കായി 9300/-രൂപ വകയിരുത്തിയിരുന്നു.

5. പ്രോജക്റ്റ് നമ്പർ 143/22, പെരുങ്കുന്നം കുടിവെള്ള പദ്ധതി (2HP Motor Pump@25553/-).

അടങ്കൽ തുക: 250000/- രൂപ (സെൻട്രൽ ഫിനാൻസ് കമ്മീഷൻ അവാർഡ് )

ചെലവ്: 247267/-രൂപ (ബിൽ നം.81/27.10.21)

കരാറുകാരൻ: ശ്രീ. എ. നൗഷാദ്.

കരാർ നം. 39/AE/LSGD/NML/19-20 Dtd.11-11-19

എം ബുക്ക് നം. 63/20-21

പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റിൽ വൈദ്യുതീകരണ പ്രവൃത്തികൾക്കായി 3484/- രൂപ വകയിരുത്തിയിരുന്നു.

മേൽ പ്രവൃത്തികളിലും കുഴൽകിണറുകൾ നിർമ്മിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധമായ രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ISI മുദ്രയോടുകൂടിയ പമ്പുകൾ കുഴൽകിണറുകളിൽ സ്ഥാപിച്ചതിന്റെ നിരക്കുകളാണ് കരാറുകാരന് അനുവദിച്ചുനൽകിയിരിക്കുന്നത്. എന്നാൽ ഇവ സംബന്ധമായ ബ്രോഷറുകൾ, വാറന്റി സംബന്ധമായ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.വാറന്റി സംബന്ധമായി കരാറിൽ നിബന്ധന വച്ചിട്ടുമില്ല.

മേൽ പരാമർശ കുടിവെള്ള പദ്ധതികളുടെ ഫയലുകളിലൊന്നിലുംതന്നെ പദ്ധതികളുടെ തുടർ പരിപാലനം, ആവർത്തന ചെലവുകൾ എന്നിവ സംബന്ധമായ വിവരങ്ങൾ, പദ്ധതി ഗുണഭോക്താക്കൾ ആരെന്നോ, എത്ര കുടുംബങ്ങളെന്നോ ഉള്ള വിവരങ്ങൾ എന്നിവ ഉൾപ്പെടുന്നില്ല.

അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/17.10.22) മറുപടിയായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 22-23 വാർഷിക പദ്ധതിയിൽ പ്രോജക്ട് വയ്ക്കുകയും, ടെണ്ടർ നടപടികൾ നടന്നുവരുകയും ചെയ്യുന്നതായി അറിയിച്ചു.

കുഴൽ കിണറുകളെല്ലാംതന്നെ പഞ്ചായത്ത് വസ്തുവിലോ, റോഡ് ഷോൾഡറുകളിലോ ആണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് മറുപടിയിൽ പരാമർശിക്കുന്നുവെങ്കിലും ആയത് വ്യക്തമാക്കുന്ന രേഖകളൊന്നുംതന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വൈദ്യുതീകരണ പ്രവൃത്തികൾ ഒഴിവാക്കി എസ്റ്റിമേറ്റ് പരിഷ്കരിച്ച് പ്രവൃത്തിയുടെ ഫൈനൽബിൽ നൽകിയത് ഫണ്ടിന്റെ അപര്യാപ്തത മൂലമായിരുന്നുവെന്ന് മറുപടിയിൽ വിശദീകരിക്കുന്നു.

വൈദ്യുത മോട്ടോർ സംബന്ധമായ ബ്രോഷറുകൾ, വാറന്റി സംബന്ധമായ രേഖകൾ കരാറുകാരനിൽനിന്നും വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണ് എന്നും അസി. എഞ്ചിനീയർ വിശദീകരിക്കുന്നു. മേൽ പരാമർശ അപാകതകൾ മൂലം പദ്ധതികളുടെ ഫലപ്രാപ്തി അനിശ്ചിതത്ത്വത്തിലായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

മേൽ സാഹചര്യത്തിൽ, പരാമർശ 5 പദ്ധതികൾക്കുമായി ചെലവഴിച്ച ആകെ തുക 1330677/- രൂപയും ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. പദ്ധതികൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്ന വിധത്തിൽ പൂർത്തീകരിച്ച്, ആയതിന്റെ വിശദാംശങ്ങൾ ആവശ്യമായ രേഖകൾസഹിതം ഓഡിറ്റിനു ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 MGNREGS -മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. റ്റി.ഡി.എസ് ആയി കുറവ് ചെയ്ത തുക ജി.എസ്.റ്റി.വകുപ്പിൽ ഒടുക്കു വരുത്തേണ്ടതാണ്.

2017-ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം 957/ഇ.ജി.എസ്.സി/16/ആർ.ഇ.ജി.എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി., റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (2%) |
|---|---|---|
| 1 | നെടുംപച്ച മൂപ്പൻമുക്ക് പുതുവൽ റോഡ് കോൺക്രീറ്റിംഗ്<br>WC – RC/341757<br>കോൺട്രാക്ടർ – നിസാറുദ്ദീൻ, കൈതാടിയിൽ കിഴക്കേക്കര പുത്തൻവീട്<br>അലയമൺ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 340302.61/- | 6806/- |
| 2 | നെടുംപച്ചവാർഡിൽ ഇടപ്പള്ളി ഉണ്ടുവിളകോളനി റോഡ് കോൺക്രീറ്റിംഗ്<br>WC – RC/340261<br>കോൺട്രാക്ടർ – നിസാറുദ്ദീൻ, കൈതാടിയിൽ കിഴക്കേക്കര പുത്തൻവീട്<br>അലയമൺ | 6694/- |

| | | |
|---|---|---|
| | മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക –334690.36/- | |
| 3 | മുരുക്കമൺ വാർഡിൽ അട്ടിയിൽ തലക്കളം റോഡ് കോൺക്രീറ്റിംഗ്<br>WC – RC/341972<br>കോൺട്രാക്ടർ – ഹാരിസ്, ഹാരിസ് മൻസിൽ, ഇടമുളയ്ക്കൽ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 381340/- | 7627/- |
| 4 | മുരുക്കമൺ വാർഡിൽ കുന്നംപുറം ചെല്ലങ്കാട് റോഡ് കോൺക്രീറ്റിംഗ്<br>WC – RC/340268<br>കോൺട്രാക്ടർ – ഹാരിസ്, ഹാരിസ് മൻസിൽ, ഇടമുളയ്ക്കൽ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 344486/- | 6890/- |
| 5 | വലിയവഴി വാർഡിൽമുണ്ടപ്പാമൂട് കോളനി റോഡ് കോൺക്രീറ്റിംഗ്<br>WC – RC/341964<br>കോൺട്രാക്ടർ – നിസാറുദ്ദീൻ, കൈതാടിയിൽ കിഴക്കേക്കര പുത്തൻവീട്<br>അലയമൺ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 316353/- | 6327/- |
| 6 | ഠൗൺ വാർഡിൽ വാഴോട് മാവിള റോഡ് കോൺക്രീറ്റിംഗ്<br>WC – RC/340418<br>കോൺട്രാക്ടർ – നസീർ, ഷാജിമൻസിൽ, ചേറാട്ടുകുഴി<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 351369/- | 7027/- |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൌകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെ അടക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാരിന് ടാക്സ് ഇനത്തിൽ സംഭവിച്ച നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കി ജി.എസ്.ടി വകുപ്പിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 08/18.10.2022

## 1-17 'ലൈഫ് ഭവനനിർമ്മാണം'

'ലൈഫ് ഭവനനിർമ്മാണം' പദ്ധതി പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ചുള്ള തൽസ്ഥിതിവിവരം ചുവടെ ചേർക്കുന്നു.

*ലൈഫ് ഭവനപദ്ധതി-ഭവനനിർമ്മാണം (ജനറൽ)
പ്രോജക്ട് നമ്പർ –63/2021-22 (അടങ്കൽ തുക: 14800000/-രൂ, ചെലവ് തുക: 3760000/-രൂ)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (രൂ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ചെല്ലമ്മ<br>ചരുവിള പുത്തൻവീട്<br>മുളയക്കോണം | 200000/- | ലിന്റൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| 2 | ബൈജു വി<br>ചരുവിള പുത്തൻവീട്<br>മുളയക്കോണം | 3,00,000/- | ലിന്റൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| 3 | ലളിതാമണി<br>സിന്ധുഭവനം<br>മുളയക്കോണം | 3,00,000/- | ലിന്റൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |

| | | | |
|---|---|---|---|
| 4 | ഗീത<br>രാജേന്ദ്രഭവനം<br>കുരിയോട് | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |
| 5 | കനകമ്മ<br>കോണത്തുവീട്<br>മുരുക്കുമൺ | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |
| 6 | സുധാമണി<br>സുബിനിവാസ്<br>ആഴാന്തക്കുഴി | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |
| 7 | മിനി<br>ആറയിൽകോണത്ത് വീട്<br>മുരുക്കുമൺ | 3,00,000/- | മേൽക്കൂര<br>വാർത്തിട്ടുണ്ട് |

*ലൈഫ് ഭവനപദ്ധതി-ഭവനനിർമ്മാണം (എസ് സി പി)
പ്രോജക്റ്റ് നമ്പർ – 65/2021-22 (അടങ്കൽ തുക:14127882/-രൂ, ചെലവ് തുക: 2800000/-രൂ)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (രൂ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഇന്ദിര<br>വിഷ്ണുഭവൻ<br>പൂവത്തൂർ | 300000/- | ലിന്റൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 2 | ശ്യാമള<br>പുലിക്കോട്കുന്നുംപുറത്ത്<br>വീട്<br>മുളയക്കോണം | 200000/- | അടിസ്ഥാനം<br>പൂർത്തിയാക്കി.നിർമ്മാണപ്രവൃത്തികൾ<br>തുടരുന്നു. |
| 3 | ശശികല<br>ശരത് ലാൽഭവനം<br>കൈതോട് | 300000/- | ലിന്റൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 4 | മണി<br>പുലിക്കോട്കുന്നുംപുറത്ത്<br>വീട് | 2,00,000/- | ലിന്റൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 5 | ശ്രീദേവി<br>നിർമ്മലഭവൻ<br>ഇളമാട് | 40000/- | പണി ആരംഭിച്ചിട്ടില്ല |
| 6 | പ്രദീപ്<br>തോട്ടിൻകര പുത്തൻവീട്<br>വേയ്ക്കൽ | 3,00,000/- | ലിന്റൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |
| 7 | ശാരദ<br>അറപറമൂലമഠം<br>മുരുക്കുമൺ(Proj No-137/22 SO) | 2,00,000/- | ലിന്റൽ വരെ<br>പൂർത്തിയാക്കിയിട്ടുണ്ട് |

*മുൻകൂർ തുക കൈപ്പറ്റിയശേഷം ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത

ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള അടിയന്തിര നടപടികൾ സ്വികരിക്കേണ്ടതാണ്.
പദ്ധതിനിർവഹണം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-18 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ -പദ്ധതി പൂർണ്ണമായില്ല - ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

പദ്ധതി നമ്പർ – 66/2022 (വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ)
നിർവഹണം – വി ഇ ഒ
അടങ്കൽ തുക – 1950000/-രൂപ (വികസന ഫണ്ട് ജനറൽ – 1550000/- രൂപ, തനത് ഫണ്ട് – 400000/-രൂപ)
ചെലവ് തുക – 1685000/-രൂപ

ഗുണഭോക്താവ് ഒന്നിന് 50000/-രൂപ വീതം വകയിരുത്തി ഗുണഭോക്താവിന് മുൻകൂറായി 25000/-രൂപയും പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ LSGD ഓവർസിയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 25000/-രൂപയും നല്കുന്നതിനാണ് 'വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ' എന്ന പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ആകെ 39 ഗുണഭോക്താക്കളിൽ പദ്ധതി പൂർത്തീകരിച്ചത് 34 ഗുണഭോക്താക്കളാണ്. പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | അശോക് കുമാർ<br>ചരുവിളപുത്തൻവീട് | 25000/-(bill 10/29-12-2021) |
| 2 | ജ്യോതി<br>ചിത്തിര ഭവൻ<br>മുരുക്കുമൺ | 25000/-(bill 9/29-11-2021) |
| 3 | അന്നമ്മ എബ്രഹാം<br>വെട്ടിക്കാട് വീട്<br>അമ്മണംകോട് | 25000/-(bill 18/17-01-2022) |
| 4 | സുജീന<br>സജനമൻസിൽ<br>വളയിടം | 25000/-(bill 9/29-11-2021) |
| 5 | വസന്ത<br>ചരുവിള പുത്തൻവീട്<br>വെള്ളാംപാറ | 25000/-(bill 21/29-01-2022) |

മുൻകൂറായി തുക കൈപ്പറ്റിയശേഷം വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. നിലവിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മുൻകൂറായി നൽകിയ 125000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.
ഓഡിറ്റ് അന്വേഷണം -01/12-10-2022

1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, 339625- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-2022 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്ര.നം | പ്രോജക്റ്റ് | തുക സ്വീകരിച്ച സ്ഥാപനം | ഒടുക്കിയ തുക | ബിൽനം/ചെക്ക് നം, തീയതി |
|---|---|---|---|---|
| 1 | പ്രോജക്റ്റ് നം 46/22 വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. അടങ്കൽ തുക – 100000/- തനത് ഫണ്ട്) | കെ എസ് ഇ. ബി ചടയമംഗലം | 12695/- | 309810/23.3.22 |
| 2 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ. അടങ്കൽ തുക 300000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കെ എസ് ഇ. ബി ചടയമംഗലം | 297360/- | Pfms-1882010059063/28.1.22 |
| 3 | 139/22 കോളേജ് വാർഡിലെ അംഗനവാടിയും, കോട്ടൂർകോണം അംഗനവാടിയും വൈദ്യുതി കണക്ഷൻ അടങ്കൽ തുക – 100,000/- തനത് ഫണ്ട് | കെ എസ് ഇ. ബി ചടയമംഗലം | 29570 | 076054/6.10.21 |
| | | ആകെ | 339625 | |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 339625- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക -339625/- രൂപ

ഓഡിറ്റ് അന്വേഷണം-2 തീയതി-17.10.22

1-20 പാലിയേറ്റീവ് കെയർ പദ്ധതി -KMSCL ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ/ഉപകരണങ്ങൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./ ഫണ്ടിനം. | കെ.എം.എസ്.സി.എൽ-ന് നൽകിയ രൂപ/ ബിൽ നം., തീയതി. | പെർഫോമാ ഇൻവോയ്സ് നം/തീയതി. | മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|
| 50/22, പാലിയേറ്റീവ് കെയർ വികസനഫണ്ട് (ജനറൽ) | 7/21.1.22, തുക-234760/- | PRF-5258 /29.1.22 | 1,53,501/- |

| | | | |
|---|---|---|---|
| ആകെ അടങ്കൽ – 700800/- | | | |
| ആകെ | | | 153501/- |

വിശദ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല എന്നും, ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ആയതിനാൽ മരുന്ന ലഭ്യമാക്കാൻ ബാക്കിയുള്ള 153501/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിയ്ക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 3/ 17-10-22

1-21 തെരുവുവിളക്കുകളുടെ പരിപാലനം - പദ്ധതി നിർവഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – പഞ്ചായത്ത് സെക്രട്ടറി

1. പ്രോജക്ട് നം -180/22

അടങ്കൽ തുക -250000/- രൂപ (CFC)

ചെലവ് തുക –214371 /- രൂപ
ബിൽ നം. – PFMS-XVFC/21-22-D/20.11.21

2. പ്രോജക്ട് നം -178/22

അടങ്കൽ തുക -200000/- രൂപ (CFC)

ചെലവ് തുക –79260 /- രൂപ
ബിൽ നം. – 28/10.11.21

3. പ്രോജക്ട് നം -217/22

അടങ്കൽ തുക -150000/- രൂപ (തനത് ഫണ്ട്)

ചെലവ് തുക –148666 /- രൂപ
ചെക്ക് നം. – 309816/31.3.22

4. പ്രോജക്ട് നം -115/22 Spill Over

അടങ്കൽ തുക -77540/- രൂപ(CFC)

ചെലവ് തുക –76680 /- രൂപ
ബിൽ നം. – 25/28.10.21

2021-2022 വർഷം തെരുവുവിളക്കുകളുടെ പരിപാലനത്തിനായി മേൽ സൂചിത പദ്ധതിയ്ക്കായി 518977/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബൾബുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും അറ്റകുറ്റപണികൾ നടത്തി വഴിവിളക്കുകൾ പ്രകാശിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്തു.

പ്രസ്തുത പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവുവിളക്കുകളുടെ പരിപാലനപ്രവൃത്തികൾ നടത്തണമെന്ന 15.09.2011ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. KSEB-യിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾക്കുപകരം വാർഡ് മെമ്പർമാരിൽനിന്നുള്ള കത്തുകളെ ആധാരമാക്കിയാണ് പരിപാലനപ്രവൃത്തികൾക്കായി തുക നൽകിയിരിക്കുന്നത്.

2) ഓരോ വാർഡിലും സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം സംബന്ധിച്ച തെരുവ് വിളക്ക്

രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3) പരാതി രേഖപ്പെടുത്തുന്നതിനായി കോണ്ടാക്റ്റ് നമ്പറുകൾ പരസ്യപ്പെടുത്തേണ്ടതും തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പരാതി രജിസ്റ്റർ സൂക്ഷിക്കുന്നതായി കാണുന്നില്ല.

മാർഗ്ഗരേഖകളിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഈ രജിസ്റ്ററുകൾ റിക്കൺസിൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ആഡിറ്റ് എൻക്വയറിക്ക് തെരുവ് വിളക്ക് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്നിവ എഴുതി സൂക്ഷിക്കുന്നതാണെന്നും ആഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിന്നും വിതരണം ചെയ്യുന്ന തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും ഫലപ്രദമായി ഉപയോഗിക്കുകയും തെരുവ് വിളക്ക് പരിപാലനം കുറ്റമറ്റ രീതിയിൽ നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

ആഡിറ്റ് എൻക്വയറി നം. 4/17.10.2022

## 1-22 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ച്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തിയുടെടെ ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്തുകമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റ് നം. SO 147/22 ( അംഗനവാടികളുടെ മെയിന്റനൻസ് & ബേബി ഫ്രണ്ട്ലി ടോയ്ലറ്റ്സ്)
അടങ്കൽ തുക. 361800/-രൂപ (മെയിന്റനൻസ് ഫണ്ട് : 337800/-, കേന്ദ്രാവിഷ്കൃത ഫണ്ട്:24000/-)
ചെലവ് തുക: 358409/-രൂപ (ബിൽ നം. 15/17.04.20:232925/-; ബിൽ നം. 54/18.03.22: 101484/-, ചെക്ക് നം. 309813/30.03.22: 24000/-)
കരാറുകാരൻ - ശ്രീ. ഷിഹാദ് ജെ. എസ്
എഗ്രിമെന്റ്നം. 57/AE/LSGD/NML/19-20/10.02.2020.
ടി.എസ്.നം. 97990/19-20
എം.ബുക്ക് നം. 196/19-20;41/21-22
എഗ്രീഡ് പി.എ.സി. 321770/- (322576.17x(-)0.25%)
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം : 3മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 10.02.2020. (Site Handed Over)
പ്രവൃത്തി പൂർത്തീകരിച്ച തീയതി :28.02.2022.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി : 09.05.2020.
6മാസം ദീർഘിപ്പിച്ചതിനുശേഷമുള്ള പൂർത്തീകരണ തീയതി : 09.11.2020

വൈകിയ കാലയളവ് : 476 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 21880/-രൂപ (321770/- രൂപ X0.1% X476/7).
ഈടാക്കിയ ഫൈൻ : ഇല്ല.
ഈടാക്കിയതിൽ കുറവുവന്ന തുക - 21880/- രൂപ
അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.21880/-രൂപ ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽനിന്നും ഈടാക്കിബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 17-10-2022 | കെ.എസ്.എ.കെ.എൽ.എം.പി3/ |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | സ്കോളർഷിപ്പ് | 200000 | |
| | | 640000 | ലൈഫ്-എസ്.സി.പി | 640000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 154479 | പാലിന് സബ്സിഡി | 154479 | |
| | | 100000 | അംഗൻവാടി പോഷകാഹാരം | 100000 | |
| | | 850000 | ലൈഫ്-എസ്.സി.പി | 850000 | |
| | | 932594 | ലൈഫ്-ജനറൽ | 932594 | |

### 4-3 നിക്ഷേപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 22100249/തീയതി 25/1/2022 | 297360 | 0 | 297360 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 5280000/- രൂപയിൽ 4414144/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി. എഫ്.സി.ലോൺ | | 0 | 1,09,20,706/- | 2552000 | | 8368706/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6,38,681/-രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | 95,950/-രൂപ |
| ആകെ | 7,34,631/-രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7,34,631/-രൂപ |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(1) | 2016-17 | അനുബന്ധം-3 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | |
| 2014-15 | 2(3) | 2016-17 | അനുബന്ധം-3 | വസ്തുനികുതി കുടിശ്ശിക കാലഹരണപ്പെട്ടു | |
| 2015-16 | 2(1) | 2016-17 | അനുബന്ധം-3 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | |

| | | | | | |
|---|---|---|---|---|---|
| 2014-15 | 3-6 | 2016-17 | 4-3-2(ii) | ക്യാരിബാഗ് നിർമ്മാണ പദ്ധതി | |
| 2008-09 | 3-6 | 2011-12 | 4.5 | ഖരമാലിന്യ സംസ്കരണ പ്ലാന്റ്- ആസൂത്രണത്തിൽ പിഴവ്. | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15-1 | 4,86,822/- | ശ്രീമതി. രാജലക്ഷ്മി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-15-2 | 13,30,677/- | ,, |
| 1-18 | 1,25,000/- | ശ്രീമതി. രാജിഷ യു ആർ, വി ഇ ഒ |
| 1-19 | 3,39,625/- | ശ്രീ. ജി. പ്രഭാകരൻ പിള്ള, സെക്രട്ടറി |
| 1-20 | 1,53,501/- | ശ്രീ. ശശി. കെ, മെഡിക്കൽ ഓഫീസർ |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. രാജലക്ഷ്മി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നിലമേൽ ഗ്രാമപഞ്ചായത്ത് | സി.കെ. ഭവൻ, കൊറ്റങ്കര, ചന്ദനത്തോപ്പ്. പി. ഒ. |
| ശ്രീ. ജി. പ്രഭാകരൻ പിള്ള സെക്രട്ടറി | സെക്രട്ടറി, നിലമേൽ ഗ്രാമപഞ്ചായത്ത് | വൈശാഖം, അർക്കന്നൂർ പി. ഒ, ആയൂർ |
| ശ്രീമതി. രാജിഷ യു ആർ വി ഇ ഒ | വി ഇ ഒ നിലമേൽ ഗ്രാമപഞ്ചായത്ത് | രാജേഷ് ഭവൻ പനയ്ക്കോട് |

| | | |
|---|---|---|
| ശ്രീ. ശശി. കെ<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>സി എച്ച് സി നിലമേൽ | സ്റ്റാർ ഹൗസ്,<br>പാരിപ്പള്ളി പി. ഒ, കൊല്ലം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/(2)/18, 26-02-18 | 2 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/(3)/18, 26-02-18 | 6 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(4), 26-02-18 | 7 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(5), 26-02-18 | 2 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(6), 26-02-18 | 4 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(7), 26-02-18 | 8 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.-പി 3-420/18(8),26-02-18 | 19 |
| 2006-07 | എൽ.എഫ്.ക്യു.പി6-1278(12)/14, 17-06-2014 | 12 |
| 2007-08 | എൽ.എഫ്.ക്യു.പി6-1278(13)/14, 17-06-2014 | 18 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.-പി 3-1591/17,25-01-18 | 4 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.-പി 6-965(4)/2015,12-10-2015 | 8 |
| 2010-11 &2011-12 | കെ എസ് എ കെ എൽ എം പി3/അദാലത്ത് 10-11,11-12/714/22,25-08-22 | 6 |
| 2012-13 2013-14 | കെ എസ് എ കെ എൽ എം പി3/അദാലത്ത് 12-13,13-14/714/22,25-08-22 | 14 |
| 2014-15 | കെ എസ് എ കെ എൽ എം പി3/അദാലത്ത് 14-15/714 /22,25-08-22 | 8 |
| 2015-16 | കെ എസ് എ കെ എൽ എം പി3/അദാലത്ത് 15-16/714 /22,25-08-22 | 11 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.-പി3-1005/21, 18-04-22 | 09 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി-3/395/21, 03.04.21 | 05 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി-3/1544/19, 29.12.20 | 21 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി-3/1773/21, 12.04.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി-3/1774/21, 18.07.22 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്